**2016 ഫെബ്രുവരി 28, 2016 നോമ്പ് നാലാം ഞായർ**
**( മത്താ. 21: 33-34)**

**വചന സന്ദേശം: റവ.ഫാ. ആന്റണി തേക്കാനത്ത്**

ഈ തിരുവചനം വളരെ വ്യക്തമായി ഇസ്രായേലിന്റെ ചരിത്രത്തെയും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയുംപറ്റി പരാമർശിക്കുന്നതാണ്. തനിക്കെതിരെ വാളോങ്ങി നിന്നിരുന്ന യഹൂദപ്രമാണിമാരെ ഉദ്ദേശിച്ചാണു യേശു ഈ കഥ പറയുന്നത്. “പ്രധാന പുരോഹിതന്മാരും ഫരിസേയരും അവന്റെ ഉപമകൾ കേട്ടപ്പോൾ അവൻ തങ്ങളെപ്പറ്റിയാണു സംസാരിക്കുന്നതെന്നു മനസ്സിലാക്കി” (21, 45). ഈ വചനത്തിൽ നിന്ന് ഇതു വളരെ വ്യക്തമാണ്. ഇത്തരുണത്തിൽ മനസ്സിലാക്കിയാൽ വീട്ടുടമസ്ഥൻ ദൈവവും ഭൃത്യന്മാർ പ്രവാചകന്മാരും പുത്രൻ മിശിഹായുമാണെന്നു പ്രഥമദൃഷ്ട്യാ തന്നെ വായിച്ചെടുക്കാനാകും. ‘വില്ലൻ’വേഷങ്ങളിലെത്തുന്ന കൃഷിക്കാർ യഹൂദപ്രമാണിമാർതന്നെ. കാരണം, ഒറ്റവാക്കിൽ പറഞ്ഞാൽ അവർ ദൈവീക വെളിപാടിനോടു മറുതലിക്കുന്നവരാണ്; ദൈവം നല്കിയ ചില അടയാളങ്ങളെ തിരസ്കരിക്കുന്നവരാണ്.

രണ്ടായിരം വർഷങ്ങൾക്കിപ്പുറമിരുന്ന് ഈ കഥ വായിക്കുമ്പോഴും ഇതിനു നമ്മോടു ചിലതു പറയാനുണ്ട്. അതുകൊണ്ടുതന്നെ ക്രിസ്തു ഈ ഉപമ ഇന്നു നമ്മോടാണു പറയുന്നത് എന്ന അർത്ഥത്തിൽ വായിക്കേണ്ടത് ആവശ്യമാണെന്നു തോന്നുന്നു. അങ്ങനെ ചെയ്യുമ്പോൾ, ഈ ഉപമ നമുക്കു മുമ്പിൽ ചില അടയാളങ്ങൾ നിരത്തുന്നുണ്ട്; നാമോരോരുത്തരും ആ കൃഷിക്കാരുടെ കൂട്ടാളികളാണെന്നു വ്യക്തമായി തെളിവു നല്കുന്ന ചില അടയാളങ്ങൾ. അത്തരം ചില “കാലത്തിന്റെ അടയാളങ്ങളെ” വിലയിരുത്തുകയാണിവിടെ.

1. Rejection of God (ദൈവനിഷേധം): കൃഷിക്കാർ മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥനായ ദൈവത്തോടു നിഷേധാത്മക നിലപാടു പുലർത്തുന്നവരാണ്. അവർ ഉടമസ്ഥനെക്കുറിച്ചു ചിന്തിക്കുന്നുപോലുമില്ല. അതുകൊണ്ടാണവർ രണ്ടു തവണകളായി വന്ന ഭൃത്യന്മാരെയും പിന്നീടു വന്ന യജമാന പുത്രനെത്തന്നെയും ആക്രമിക്കുകയും ജീവനപരഹരിക്കുകയും ചെയ്തത്. ഭാവനാത്മകമായി ചിന്തിച്ചാൽ ഉടമസ്ഥനു നേരെ ആക്രോശിച്ചുകൊണ്ടു വിരൽചൂണ്ടി നില്ക്കുന്ന കൃഷിക്കാരെ കാണാം 'They are fundamentally against God!'

ക്രിസ്തുവിന്റെ കാലത്തെന്നതിനേക്കാളുപരി ഇത്തരമൊരു ദൈവനിഷേധം കൂടുതലായി കാണപ്പെടുന്നതു വർത്താനലോകത്തിലാണ്. ‘ദൈവത്തിനെതിരായ’ (fundamentally against God) ഈ പ്രവണത കാണപ്പെടുന്നതു പ്രധാനമായും രണ്ടു കൂട്ടരിലാണ്. 1. ഒന്നാമതായി ‘ദൈവമില്ല’ എന്ന ശാഠ്യം പിടിക്കുന്ന യുക്തിവാദികളാണ്. താത്ത്വികമായി ദൈവത്തിന്റെ അസ്തിത്വം അവർ നിരാകരിക്കുന്നു. ഇത്തരക്കാർ ഇന്നു വിരളമാണ്. 2) എന്നാൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന രണ്ടാമതൊരു കൂട്ടരുണ്ട്. ‘മതനിരപേക്ഷത’ എന്ന വലിയ ബാനറിനു കീഴിൽ പെടുന്നവർ. ഭാരതീയ മതേതരത്വത്തിൽ നിന്നും തീർത്തും ഭിന്നമാണിത്. അടിസ്ഥാനപരമായി 'I am not bothered about a God' എന്ന ഭാവം. ഒരുകാലത്ത് ഉത്തമവിശ്വാസികളെക്കൊണ്ടു നിറഞ്ഞിരുന്ന പല പശ്ചാത്യരാജ്യങ്ങളിലും ഇന്ന് ഏറ്റവുമധികമുള്ളതു 'non-practising Christian' എന്ന വിഭാഗമാണ്. ഈ വിപത്ത് അത്രകണ്ടു തീവ്രമാണ്. നമ്മുടെ നാട്ടിലും കാണാം ഇത്തരക്കാരെ - മാമ്മോദീസ മുങ്ങിപ്പോയി; വിവാഹം ഒരു 'mega event' ആക്കണം; പിന്നെ ആറടി മണ്ണും - ഈ മൂന്നു കാര്യങ്ങളിലൊതുങ്ങുന്ന ചില സത്യ ക്രിസ്ത്യാനികളുടെ വിശ്വാസജീവിതം.

2. Contempt for whatever is divine: ഉടമസ്ഥന്റെ ഭൃത്യന്മാരെയും പുത്രനെത്തന്നെയും കൃഷിക്കാർ നശിപ്പിക്കുന്നു (21, 34-39). ഈ മൂന്നു സംഭവങ്ങളും വായിച്ചാൽ കൃഷിക്കാർക്ക് ഉടമസ്ഥനോടും അവനുമായി ബന്ധപ്പെട്ടവയോടുമുള്ള വെറുപ്പു മനസ്സിലാകും. ഉടമസ്ഥനുമായി അടുത്ത ബന്ധം പുലർത്തുന്ന ഭൃത്യന്മാരെ അവർ നിഷ്ഠുരമായി നശിപ്പിക്കുന്നു. അവസാനമായി ഒരുപക്ഷേ, ഉടമസ്ഥന്റെ നാമംപോലും അവശേഷിക്കാതിരിക്കാനായി അവർ അവന്റെ പുത്രനെയും വധിക്കുന്നു. ഈ പുത്രൻ കൊല്ലപ്പെടുന്ന വിധം സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. അവർ അവനെ

'വെളിയിലേക്കെറിഞ്ഞാ'ണു കൊല്ലുന്നത് (21, 39). ചുരുക്കത്തിൽ, യജമാനനോടുള്ള വെറുപ്പ് അവനുമായി ബന്ധപ്പെട്ടവയിൽ അവർ തീർക്കുന്നു. നൂറ്റാണ്ടുകൾക്കിപ്പുറവും ഈ ഉപമയിൽ കേൾക്കാനാകും. ദൈവികമായതിനെയെല്ലാം വെറുക്കുകയും അവയെ നശിപ്പിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ ആക്രോശം. മാധ്യമങ്ങളിലൂടെ കണ്ണോടിക്കുക - എവിടെയെല്ലാം സഭയെയും സഭാദ്ധ്യക്ഷന്മാരെയും കരി ഓയിൽ ഒഴിച്ചു നിർത്താമോ അവിടെയെല്ലാം ഇത്തരം 'കൃഷിക്കാർ' തങ്ങളുടെ 'സമ്പൂർണ കഴിവും' ഉപയോഗിച്ചതായി കാണാം. ഇല്ലാത്ത ആരോപണങ്ങളുന്നയിച്ചു കർമ്മോത്സുകരായ വൈദികരെ ക്രൂശിൽ തറയ്ക്കുന്നു. മറ്റൊരു കൂട്ടം ആളുകളുണ്ട് - മതപരമായ എല്ലാ പ്രതീകങ്ങളും സമൂഹത്തിൽ നിന്നും നീക്കം ചെയ്യാൻ വ്യഗ്രതപ്പെടുന്നവർ. നാട്ടിൻപുറങ്ങളിലെ പള്ളിക്കൂടങ്ങളിൽ നിന്നും മതസംബന്ധിയായ എല്ലാറ്റിനെയും, എന്തിനേറെ ചുമർചിത്രങ്ങൾപോലും പടിയിറക്കണമെന്നു വാദിക്കുന്നവർ തുടങ്ങി അന്തർദ്ദേശീയ തലത്തിൽ ചരിത്രവിഭജനത്തെ 'ബിസി - എഡി' എന്നതു മാറ്റി 'ബിസിഇ-സിഇ' എന്നാക്കിയവർ വരെ ഇക്കൂട്ടത്തിൽപ്പെടും. ഇത്തരക്കാരുടെ കണ്ണിൽ 'ദൈവികം' എന്നൊന്നില്ല. ഇനിയുണ്ടെങ്കിൽത്തന്നെ അവരതിനെ 'undeveloped', 'ignorant' എന്നെല്ലാം ചെല്ലപ്പേരിട്ടു തള്ളിക്കളയുകയും ചെയ്യുന്നു. ചായക്കടയിലിരുന്നു പള്ളിയെയും പട്ടക്കാരനെയും കുറ്റം പറയുന്ന ജോസഫേട്ടനും കുടുംബപ്രാർത്ഥനയ്ക്കുപോലും സമയം കിട്ടാത്ത ആൻസിചേച്ചിയും കുരിശുവരയ്ക്കാൻ അറിയാത്ത പന്ത്രണ്ടാം ക്ലാസ്സ് മതബോധന വിദ്യാർത്ഥി ജോയലും ഇവരുടെ മലയാളി മുഖങ്ങളാണ്.

3. Covetousness (ദ്രവ്യാഗ്രഹം) : കൃഷിക്കാരെ ശ്രദ്ധിക്കുക - അവർ ഇക്കണ്ട കൊള്ളരുതായ്മകൾ ചെയ്യുന്നത് ആ മുന്തിരിത്തോട്ടം സ്വന്തമാക്കാനാണ്. ഭൃത്യന്മാരെ കല്ലെറിഞ്ഞ് ഓടിക്കുകയാണ്. 'വരുവിൻ നമുക്കിവനെ കൊന്ന് അവകാശം കരസ്ഥമാക്കാം" (21, 38). എന്നാണവർ പുത്രനെതിരെ ഗൂഢാലോചന നടത്തുന്നത്. ഭൗതികമായ സാമ്പത്തിലാണ് അവരുടെ കണ്ണ്.

വേദോപദേശക്ലാസ്സിൽ വിവിധ ജീവിതാന്തസ്സുകളെപ്പററി പഠിപ്പിക്കുകയായിരുന്നു. വിവാഹജീവിതത്തെപ്പറ്റിയായി ചർച്ച. ഒരു പെൺകുട്ടിയുടെ കമന്റ് എന്നെ ഞെട്ടിച്ചുകളഞ്ഞു; മൂന്നു ലക്ഷം രൂപയെങ്കിലും പ്രതിമാസ ശമ്പളമുള്ള ഒരാളാണത്രെ അവളുടെ സ്വപ്നത്തിലെ ജീവിതപങ്കാളി! money is the means of everything. പണക്കിഴിയുടെ തൂക്കം നോക്കിയാണ് ഇന്ന് ഒരുവന്റെ 'മാന്യത'പോലും അളക്കുന്നത്. പണത്തിനു പിറകെ പരക്കം പായുന്ന ലോകം. സുഖത്തിനും പ്രതാപത്തിനുംവേണ്ടി കാണുന്നതെല്ലാം സ്വന്തമാക്കുന്നവർ. കിട്ടുന്തോറും ഇത്തരക്കാരുടെ ആർത്തി വർദ്ധിക്കുന്നതായാണു കാണാറുള്ളത്. പത്രങ്ങളെ 'sensation' ആക്കുന്നതും ദ്രവ്യാഗ്രഹമെന്ന ഈ പാപത്തിന്റെ മക്കളാണ് - കോഴ, അഴിമതി, പെൺവാണിഭം എന്നിങ്ങനെ. മാന്യമായി ജീവിക്കാനുള്ളതിൽ കൂടുതൽ ഉണ്ടായിട്ടും ഞായറാഴ്ച കുർബാനപോലും മുടക്കി കട തുറക്കുകയും പണിക്കു പോവുകയും റബറു വെട്ടുകയും ചെയ്ത് "എങ്ങനേലുമൊക്കെ ജീവിക്കണ്ടച്ചോ?" എന്നു ചോദിക്കുന്ന നമ്മുടെ 'ചേട്ടന്മാർ' ദ്രവ്യാഗ്രഹത്തിന്റെ 'കുടുംബത്തിലും വംശത്തിലും'പെട്ടവരാണ്.

4. Violence as the only means: അടിക്കുക, കല്ലെറിയുക, പുറത്തേയ്ക്കു വലിച്ചെറിയുക, കൊല്ലുക ഇവയാണു കൃഷിക്കാർ ആവർത്തിച്ചു ചെയ്യുന്ന കർമങ്ങൾ. മുന്തിരിത്തോട്ടവും അതിന്റെ ഫലവും സ്വന്തമാക്കാൻ കൃഷിക്കാർ അവലംബിക്കുന്ന മാർഗങ്ങളാണിത്. സമാധാനത്തിന്റെ മാർഗം അവർക്കന്യമാണ്.

യാത്രാടിക്കറ്റെടുക്കാൻ ചില്ലറ തരാത്തതിനു 'തെറി' വിളിക്കുന്ന കണ്ടക്ടറും തെമ്മാടിത്തരം കാണിച്ചു ക്ലാസ്സിൽ നിന്നു പുറത്താക്കിയതിനു കൊടിയും പിടിച്ചു ചെന്നു ഗുരുവിനെ കയ്യേറ്റം ചെയ്യുന്ന ശിഷ്യസമൂഹവും ഗുണ്ടകളെയും കൂട്ടി റോന്തു ചുറ്റുന്ന വട്ടിപ്പലിശക്കാരനും, അധികാരിക്കെതിരെ ശബ്ദിക്കുന്നവരെ വെട്ടിനുറുക്കുന്ന രാഷ്ട്രീയ മേലാളന്മാരും പോത്തിറച്ചി കഴിച്ചതിനു മനുഷ്യനെ ചുട്ടുതിന്നുന്ന മതഭ്രാന്തന്മാരും ഖലിഫേറ്റ് സ്ഥാപിക്കാൻ കൂട്ടത്തിൽ ഇല്ലാത്തവന്റെ കഴുത്തറുത്തു ചോര കുടിക്കുന്ന ഐഎസ് ഭീകരരും ഇവർക്കെല്ലാം ആയുധവും ബുദ്ധിയും നല്കുന്ന വൻകിട രാഷ്ട്രങ്ങളും ഹിംസയുടെ വഴി തെളിക്കുന്നവരാണ്. അഹിംസയുടെ വെള്ളക്കൊടിയുമായി ചരിത്രത്തിൽ ഉയർന്നുനില്ക്കുന്ന ഭാരതാചാര്യനായ മഹാത്മജിപോലും 'ഏതോ' ഒരു ക്ലാസ്സിലെ 'ഏതോ' ഒരു പാഠത്തിൽ 'എവിടെയോ' മാത്രം ഒതുങ്ങുന്നു.

5. Playing God (ദൈവം ചമയൽ): മുന്തിരിത്തോട്ടം യജമാനന്റെ ഉടമസ്ഥതയിലാണ്. എന്നാൽ കൃഷിക്കാർക്ക് അതു സ്വന്തമാക്കി യജമാനന്മാരാകണമെന്നാണു ദുരാഗ്രഹം. ദൈവത്തെ തട്ടിത്തെറുപ്പിച്ച് അവിടുത്തെ സ്ഥാനം കരസ്ഥമാക്കാൻ കൊതിക്കുന്നവരാണവർ. നാശമാണവരുടെ അന്ത്യം.

വർത്തമാനകാലത്തിന്റെ ചില അടിവേരുകൾ സസൂക്ഷ്മം ശ്രദ്ധിച്ചാൽ ആധുനികമനുഷ്യന്റെ ഇത്തരമൊരു ഗൂഢവിചാരം മനസ്സിലാകും. ചില ഉദാഹരണങ്ങളിലൂടെ ഇതു കൂടുതൽ വ്യക്തമാക്കാം. ദയാവധം എന്ന ഓമനപ്പേരിലറിയപ്പെടുന്ന കൊലപാതകത്തിന്റെ കാര്യംതന്നെ എടുക്കാം. ജീവന്റെ നാഥൻ ദൈവമാണ്; അതു നല്കാനും തിരികെയെടുക്കാനും അവിടുത്തേയ്ക്കു മാത്രമേ അധികാരമുള്ളൂ – എന്ന ദൈവികസത്യം പൂർണമായും തിരസ്കരിക്കുന്നതാണു കാരുണ്യവധത്തിനുവേണ്ടി നിലകൊള്ളുന്ന 'ദയാലു'ക്കളുടെ വാദം. ഗർഭച്ഛിദ്രത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല.

**ഉപസംഹാരം**: വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നോക്കിയാൽ മാത്രമേ ഇത്തരം അടയാളങ്ങളെ തിരിച്ചറിയാനാകൂ. നന്മയുടെ മുന്തിരിത്തോപ്പിൽ 'വില്ലൻ' വേഷം കെട്ടുന്ന കൃഷിക്കാരെ നമ്മുടെ ഉള്ളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യാം. മൂലക്കല്ലായ ക്രിസ്തുവിലേക്കു മടങ്ങിപ്പോകാം.